**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3350** **25-10-2021 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ മണ്ഡലത്തിലെ സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് മുൻഗണന നൽകിയാണ് സംസ്ഥാനത്ത് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |
| (ബി) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; എത്ര തുകയാണ് ഓരോ കെട്ടിടത്തിനുമായി അനുവദിച്ചിട്ടുള്ളത്; ഏത് എജൻസിക്കാണ് ഇവയുടെ നിർമ്മാണചുമതല നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. 44 ലക്ഷം രൂപയാണ് പുന്നപ്ര സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളത്. ആലപ്പുഴ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനാണ് നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്. പുന്നപ്ര വില്ലേജ് ഓഫീസ് പഴയ കെട്ടിടം മുഴുവനായി പൊളിച്ച് മാറ്റിയിട്ടാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്. ആയതിനായി നിലവിലെ വില്ലേജ് ഓഫീസ് പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള വാല്യുവേഷൻ നടപടികൾ നടന്നുവരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിലുൾപ്പെടുന്ന ഏതെല്ലാം വില്ലേജുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | അമ്പലപ്പുഴ മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കേണ്ടതുണ്ട്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിൽ മാത്രമേ ഫണ്ട് അനുവദിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ